# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2636 27.01.2014 - ൽ മറുപടിക്ക്

**കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്-ന്റെ മാനേജിംഗ് ഡയറക്ടർ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. റ്റി. ജോർജ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കെ.എച്ച്.ആർ. ഡബ്ല്യൂ.എസ്-ൽ പുനർനിയമനം ലഭിച്ച മാനേജിംഗ് ഡയറക്ടർ സർക്കാർ ഉദ്യോഗസ്ഥനാണോ ;<br>ബി) പ്രസ്തുത ഉദ്യോഗസ്ഥനെ എം.ഡി. ആയി പുനർനിയമനം നടത്തിയിട്ടുള്ളത് എത്ര കാലാവധിക്കാണെന്നും കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ന്റെ നിയമാവലി പ്രകാരമാണോയെന്നും, പ്രസ്തുത നിയമനത്തിന് ക്യാബിനറ്റ് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ ; | എ) & ബി) കേരള സർക്കാർ സർവീസിൽ ജീവനക്കാരനായിരുന്ന കെ.എച്ച്.ആർ. ഡബ്ല്യൂ.എസ്. മാനേജിംഗ് ഡയറക്ടർ വിരമിച്ചശേഷവും 6 മാസത്തേക്ക് കൂടി മാനേജിംഗ് ഡയറക്ടർ ആയി പുനർനിയമനം നൽകിയിട്ടുണ്ട്. കാബിനറ്റ് അംഗീകാരത്തിനുമുമ്പായി ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. |
| സി) പുനർനിയമനം ലഭിച്ച എം.ഡി. എന്ത് തുകയുടെ സിവിൽ, ഇലക്ട്രിക്കൽ വർക്കുകൾക്ക് എത്ര കാലാവധിക്കുള്ളിലാണ് ടെൻഡർ നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ? | സി) എൻ.ആർ.എച്ച്.എം. നിർമ്മാണം ഏൽപ്പിച്ച സബ്സെന്റർ നിർമ്മാണത്തിനായി സിവിൾ ജോലികൾക്ക് 322.35 ലക്ഷം രൂപയുടെയും ഇലക്ട്രിക്കൽ ജോലികൾക്ക് 26.88 ലക്ഷം രൂപയുടെയും ആയുഷ് പദ്ധതിയിൽ ഉൾപ്പെടുത്തി സിവിൾ ജോലികളുടെ 185.04 ലക്ഷം രൂപയുടെയും പണികൾക്ക് ദർഘാസുകൾ |

| | | |
|---|---|---|
| | | ക്ഷണിച്ചു. കൂടാതെ കെ.എച്ച്.ആർ. ഡബ്ല്യു. എസ് പേവാർഡുകളുടെ നവീകരണത്തിനായി 124.42 ലക്ഷം രൂപയുടെ സിവിൽ ജോലികളുടെയും ദർഘാസ് ക്ഷണിച്ചു.<br>ഈ പ്രവർത്തികളിൽ എൻ.ആർ. എച്ച്.എം. ഏൽപ്പിച്ച സബ് സെന്ററിന്റെ നിർമ്മാണം 28.02.2014 ലും ആയുഷ് പ്രവർത്തികളുടെ നിർമ്മാണം 31.01.2014 ലും പൂർത്തീകരിക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ